**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1909** **20-06-2024 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോട്ടിലെ ശിപാർശകളിന്മേൽ തുടർനടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05/11/2020-ലെ സ.ഉ.(എം.എസ്) നം.214/ 2020/ആഭ്യന്തരം ഉത്തരവ് പ്രകാരം നിയമിച്ചതാണ് ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ. ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതായതിനാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ട കാര്യങ്ങൾ അതാത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി 02.03.2024 തീയതിയിൽ സ.ഉ.(സാധാ)നം.993/2024/പൊ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിയ്ക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ